ഉത്തരം

കഴിഞ്ഞ ഒരു വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2036 പേർക്ക് സ്ഥിരം ജോലി ലഭിച്ചിട്ടുണ്ട്.

ക്ഷേമനിധി ഉടമകളുടെ വിഹിതം സംബന്ധിച്ച കുടിശ്ശിക

84 [2211] ശ്രീ. പി. എസ്. സുപാൽ:

„ പി. നാരായണൻ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ട വിഹിതം കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രശ്നത്തിൽ സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേസ്സിന്റെ ഫലമായി സമാനസ്വഭാവമുള്ള കയർ തൊഴിലാളി ക്ഷേമനിധിയിലും കയറ്റുമതി ഉടമകൾ അടയ്ക്കേണ്ട വിഹിതം അടയ്ക്കുന്നതിന് വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ജി) വിവിധ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഉടമകളുടെ വിഹിതത്തിന്റെ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുവാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) ഇല്ല. 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് സെക്ഷൻ 4 (2) പ്രകാരം മത്സ്യക്കയറ്റുമതിക്കാരും മത്സ്യ വ്യാപാരികളും അവരുടെ വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. എന്നാൽ ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ 1-2-2002-ലെ വിധിപ്രകാരം ആക്ടിലെ സെക്ഷൻ 4 (2) അസാധുവാക്കി. ഇതിനെ തുടർന്ന് മത്സ്യ കയറ്റുമതിക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും അംശാദായം ഈടാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കുടിശ്ശിക ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മത്സ്യ കയറ്റുമതിക്കാരിൽ നിന്നും മത്സ്യ വ്യാപാരികളിൽ നിന്നും സെസ്സ് പിരിച്ച് മത്സ്യത്തൊഴിലാളി ബോർഡിന് നൽകുന്നതിനുള്ള പുതിയ ആക്ടിന് കരട് രൂപം നൽകി. ആയത് ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ അത് പരിശോധിച്ചു വരികയുമാണ്.

(ഇ) ഉണ്ട്.

(എഫ്) കയറ്റുമതിക്കാരിൽനിന്നും ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടി സ്വീകരിച്ച് സെസ്സ് ഏർപ്പെടുത്തുന്നതിന് ആവശ്യമായ ശുപാർശ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാരിൽ ലഭിച്ചത് പരിശോധനയിലാണ്.

(ജി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം

85 [T 2212] ശ്രീ. കളത്തിൽ അബ്ദുള്ള:

„ വി. കെ. ഇബ്രാഹിംകുഞ്ഞ്:

„ സി. മോയിൻകുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെ 14,40,25,917 രൂപാ ആനുകൂല്യം നൽകാനായി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചെലവഴിച്ചിട്ടുണ്ട്.

(ബി) ബോർഡിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യ വിതരണം നടത്തിവരികയാണ്.

---

† അനുബന്ധം IV

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

തുടരാൻ തീരുമാനിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അതിനു പുറമെ, സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

- വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം എന്ന പേരിൽ 2002-2003 മുതൽ നടപ്പാക്കി തുടങ്ങി.
- നെയ്ത്തിലും ഡയിംഗിലും ഡിസൈനിലും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.
- ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ ധനസഹായം നൽകുന്ന പദ്ധതി.
- സ്വകാര്യമേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.
- നാചറൽ ഡയിംഗ് വികസിപ്പിച്ചെടുക്കുന്നതിനും അത് കൈത്തറി വസ്ത്ര നിർമ്മാണരംഗത്ത് വ്യാപകമായി പ്രയോജനപ്പെടുത്തി അവയ്ക്ക് വിദേശവിപണി കണ്ടെത്തുന്നതിനും സഹായകരമായി ഒരു കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

അനുബന്ധം IV

[15-7-2004-ലെ ചോദ്യം നമ്പർ 84 (2211)-ന്റെ ഉത്തരം ദയവായി കാണുക.]

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമനിധികളിലേക്ക് ഉടമകളുടെ വിഹിതത്തിന്റെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക

ക്ഷേമനിധി ബോർഡിന്റെ പേര്		*പിരിച്ചെടുക്കുവാനുള്ള തുക*	
കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	24,31,096	രൂപ
കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	35,30,00,000	,,
കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	2,14,677	,,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്		*പിരിച്ചെടുക്കുവാനുള്ള തുക*	
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്	..	2,91,830	രൂപ
കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	..	2,54,63,181	,,
കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി	..	29,53,808	,,
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	..	12,62,16,205	,,
കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	..	1,23,84,556	,,
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	..	24,78,678	,,

അനുബന്ധം V

[15-7-2004-ലെ ചോദ്യം നമ്പർ 86 (2213)-ന്റെ ഉത്തരം ദയവായി കാണുക.]

ക്ഷേമനിധി ബോർഡിന്റെ പേര്	*അംഗത്വം ലഭിക്കുന്നവർ പാലിക്കേണ്ട നിബന്ധനകൾ*
കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിലുടമകളുടെയും വിഹിതം യഥാസമയം അടയ്ക്കുവാനുള്ള ഉത്തരവാദിത്വം തൊഴിലുടമയ്ക്കാണ്.
കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്	കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്ന തൊഴിലാളികൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. 1. അംശാദായം എല്ലാ മാസവും പിഴകൂടാതെ 10-ാം തീയതിക്കു മുമ്പ് ഒടുക്കേണ്ടതാണ്. 2. എല്ലാ രണ്ടു വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly